**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3850 12-12-2018 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## കേരളത്തിലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | കേരളത്തിൽ നടത്തിയ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ വിവിധ വിഭാഗങ്ങൾ പണം ആവശ്യപ്പെട്ടതായുള്ള മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) & ബി) | വിവിധ രക്ഷാപ്രവർത്തനങ്ങൾ നടത്തിയതിന്റെ കുടിശ്ശിക ഉൾപ്പെടെ 33.79 കോടി രൂപ വായുസേന ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | കേരളത്തിൽ നടത്തിയ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾക്കായി എത്ര കോടി രൂപയാണ് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്; | | |
| സി) | പ്രളയാനന്തര പുനർസൃഷ്ടിക്കായി സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രൊപ്പോസലിൽ കേന്ദ്രം എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകുമോ; | സി) | കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും 600 കോടി രൂപ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. |
| ഡി) | കേന്ദ്രത്തിൽ നിന്നും അർഹതപ്പെട്ട ധനസഹായം നേടിയെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നിലപാടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ഡി) | വെള്ളപ്പൊക്കം മൂലം ദുരിതം ബാധിച്ചവരുടെ പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും ആവശ്യമായ വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ GSDP യുടെ 3% ത്തിൽ നിന്നും 4.5 % ആയും 2019-20-ൽ 3.5% ആയും ഉയർത്തണമെന്നും ലോകബാങ്ക് സഹായ പദ്ധതികളിൽ |

| | | | |
|---|---|---|---|
| | | | ചെലവഴിക്കാൻ കഴിയാതെ വരുന്ന തുക പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക് മേൽ ചുമത്തുന്ന GST-യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ